# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## മനുഷ്യനെന്ന നിലയിലാണ് യേശു സഹിച്ചത്



മനുഷ്യനായി അവതരിച്ച പുത്രനായ ദൈവമാണ് യേശു. അതിനാൽ യേശു ഒരേ സമയം ദൈവവും മനുഷ്യനുമായിരുന്നു. യേശുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടായിരുന്നു. ചില കാര്യങ്ങൾ യേശു ചെയ്തത് ദൈവം എന്ന നിലയിലാണ്. മറ്റു ചില കാര്യങ്ങൾ ചെയ്തത് മനുഷ്യൻ എന്ന നിലയിലാണ്. ദൈവത്തിന്റെ ശക്തി ഉപയോഗിച്ച് യേശു ചെയ്ത ചില കാര്യങ്ങൾ ആദ്യം പരിശോധിക്കാം.

യേശു അനേകം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അതെല്ലാം ദൈവം എന്ന ശക്തി ഉപയോഗിച്ചുകൊണ്ടാണ്. ചില ഉദാഹരണങ്ങൾ. മത്തായി 4:23-24. യേശു സിനഗോഗുകളിൽ പഠിപ്പിച്ചും സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു. രോഗികളെയും വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും പിശാചുബാധിതർ, അപസ്മാര രോഗികൾ, തളർവാതക്കാർ എന്നിവരെയും അവർ അവന്റെ അടുത്ത് കൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി.

മത്തായി
8:1 യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു.
8:15 ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു.
8:14 പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു.
8:23 കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു.
8:28 പിശാചുബാധിതരെ സുഖപ്പെടുത്തുന്നു.
9:1 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു.
9:18 രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നു. ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നു.
9:27 അന്ധർക്ക് കാഴ്ച നൽകുന്നു.
9:32 ഊമനെ സുഖപ്പെടുത്തുന്നു.
9:35 രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി ചുറ്റി സഞ്ചരിക്കുന്നു.
10:1 അപ്പസ്തോലന്മാരെ പിശാചുക്കളെ പുറത്താക്കാനും രോഗികളെ സുഖപ്പെടുത്തുവാനും ശക്തിപ്പെടുത്തി പറഞ്ഞയയ്ക്കുന്നു.

12:22 പിശാചുബാധിതനെ സുഖപ്പെടുത്തുന്നു.
14:13 അഞ്ച് അപ്പം വർധിപ്പിക്കുന്നു.
14:22 വെള്ളത്തിന് മുകളിലൂടെ നടക്കുന്നു.
14:34 സകല രോഗികളെയും സുഖപ്പെടുത്തുന്നു.
15:21 കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തുന്നു.
15:29 അനേകർക്ക് രോഗശാന്തി നൽകുന്നു.
15:32 അപ്പം വർധിപ്പിക്കുന്നു.
17:1 യേശു രൂപാന്തരപ്പെടുന്നു.
17:14 അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു.
21:20 അന്ധർക്ക് കാഴ്ച നൽകുന്നു.
21:18 അത്തിമരത്തെ ശപിക്കുകയും അത് ഉണങ്ങിപ്പോവുകയും ചെയ്യുന്നു.

മർക്കോസ്
1:21 പിശാചുബാധിതരെ സുഖപ്പെടുത്തുന്നു.
3:1 കൈ ശോഷിച്ചവനെ സുഖപ്പെടുത്തുന്നു.
7:31 ബധിരനെ സുഖപ്പെടുത്തുന്നു.
8:22 അന്ധന് കാഴ്ച നൽകുന്നു.
10:13 ശിശുക്കളെ അനുഗ്രഹിക്കുന്നു.
10:46 ബർത്തിമേയൂസിനെ സുഖപ്പെടുത്തുന്നു.

ലൂക്കാ
13:10 കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു.
14:1 മഹോദരരോഗിയെ സുഖപ്പെടുത്തുന്നു.
17:10 കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നു.

യോഹന്നാൻ
2:1 വെള്ളം വീഞ്ഞാക്കുന്നു.
5:1 ബെത്സഥാ കുളക്കരയിൽ 38 വർഷം തളർന്നു കിടന്ന രോഗിയെ സുഖപ്പെടുത്തുന്നു.
9:1 അന്ധനെ സുഖപ്പെടുത്തുന്നു.
11:1 ലാസറിനെ ഉയിർപ്പിക്കുന്നു.

മേൽ വിവരിച്ചതെല്ലാം യേശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ ചിലതാണ്. യേശു ചെയ്ത എല്ലാ കാര്യങ്ങളും എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത് എന്ന വാചകം എഴുതിക്കൊണ്ടാണ് യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത്. (21:25). ഇത്രമാത്രം വൈവിധ്യമാർന്നതും എണ്ണമറ്റതുമായ അത്ഭുതങ്ങൾ യേശു പ്രവർത്തിച്ചത് ദൈവപുത്രൻ എന്ന നിലയിലാണ്; അല്ലാതെ മനുഷ്യൻ എന്ന നിലയിലല്ല. എന്നാൽ, ഇത്രവലിയ അത്ഭുതങ്ങൾ പ്രവർത്തിച്ച യേശു ചില സമയങ്ങളിൽ വെറും മനുഷ്യന്റെ സ്വഭാവം ആണ് കാണിച്ചത്. ദൈവസ്വഭാവം അപ്പോൾ യേശു കാണിച്ചില്ല. ചില ഉദാഹരണങ്ങൾ പരിശോധിക്കാം.

മത്തായി 4:2 40 ദിനരാത്രങ്ങൾ യേശു ഉപവസിച്ചു. അപ്പോൾ യേശുവിന് വിശന്നു.
യോഹന്നാൻ 11:28 ലാസറിന്റെ ശവകുടീരത്തിങ്കൽ യേശു കരഞ്ഞു.
യോഹന്നാൻ 11:33 യേശു ആത്മാവിൽ നെടുവീർപ്പിടുകയും അസ്വസ്ഥനാവുകയും ചെയ്തു.
മർക്കോസ് 11:12 യേശുവിന് വിശന്നു
മത്തായി 2:14 ജോസഫ് മറിയത്തെയും ഉണ്ണിയേശുവിനെയുംകൊണ്ട് ഈജിപ്തിലേക്ക് രക്ഷപ്പെടുന്നു.
മത്തായി 2:23 നസ്രത്ത് എന്ന സ്ഥലത്ത് ഒരു സാധാരണ കുട്ടിയായും യുവാവായും യേശു ജീവിക്കുന്നു; ജോലി ചെയ്യുന്നു.

ലൂക്കാ 2:21 യേശുവിനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നു; പരിഛേദനം ചെയ്യുന്നു.

യേശുവിന്റെ പീഡാസഹനവും കുരിശുമരണവും യേശു സഹിച്ചത് ദൈവപുത്രന്റെ ശക്തിയോടുകൂടിയല്ല; മനുഷ്യനെന്ന നിലയിൽ, മനുഷ്യന്റെ എല്ലാ നിസഹായതകളോടുംകൂടിയാണ്. 24 മണിക്കൂർ സമയത്തിനുള്ളിൽ യേശു സഹിച്ച അത്രയും സഹിച്ച മറ്റൊരു മനുഷ്യനും ലോകത്തിൽ കാണുകയില്ല.

എന്തൊക്കെയാണ് സഹിച്ചത്?

- ഗദ്സമൻ തോട്ടത്തിൽവച്ച് തീവ്രവേദനയാൽ മരണത്തോളം എത്തി (മത്തായി 26:37-38).
- കമിഴ്ന്ന് വീണ് പ്രാർത്ഥിച്ചു (മത്തായി 26:39)
- വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തുവീണു (ലൂക്കാ 27:34).
- യൂദാസ് ഒറ്റിക്കൊടുത്തതിന്റെ വേദന അനുഭവിച്ചു.
- പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയതിന്റെ വേദന.
- പത്രോസ് തള്ളിപ്പറഞ്ഞതിന്റെ വേദന.
- കാവൽക്കാർ പരിഹസിച്ചു; അടിച്ചു.
- കണ്ണുകൾ മൂടിക്കെട്ടി മുഷ്ടികൊണ്ട് ഇടിച്ചു.
- അധിക്ഷേപ വാക്കുകളാൽ നിന്ദിച്ചു.
- മുഖത്ത് തുപ്പി.
- ചെകിട്ടത്ത് അടിച്ചു.
- ആ രാത്രിയിൽ തടവറയിൽ കഴിഞ്ഞു.
- പ്രധാന പുരോഹിതനായ കയ്യാഫാസിന്റെ സേവകൻ അടിച്ചു.
- പത്രോസ് രണ്ടാമതും തള്ളിപ്പറഞ്ഞതിന്റെ വേദന
- ചമ്മട്ടികൊണ്ട് അടിപ്പിച്ചു.
- തലയിൽ മുൾക്കിരീടം വച്ചു.
- യേശുവിന് പകരം ഭീകരനായ ബറാബാസിനെ വിട്ടയച്ചപ്പോൾ തോന്നിയ ദുഃഖം.
- അധികാരികൾ കള്ളസാക്ഷികളെ അണിനിരത്തി കള്ളസാക്ഷ്യം പറയിപ്പിച്ചു.
- കുരിശുമരണത്തിന് വിധിക്കപ്പെട്ടു.
- കുരിശും ചുമന്നുകൊണ്ട് ഗാഗുൽത്തായിലേക്ക് നടന്നു.
- വഴിയിൽ തളർന്നുവീണു.
- അപ്പോൾ മർദിക്കപ്പെട്ടു.
- നഗ്നനാക്കി.
- കുരിശിൽ തറച്ച് തൂക്കിയിട്ടു.
- ദാഹിച്ചപ്പോൾ വെള്ളംപോലും ലഭിച്ചില്ല.
- കുരിശിൽ കിടക്കുമ്പോൾ വഴിപോക്കർ കളിയാക്കി.
- ഇടതുവശത്തു കിടന്ന കള്ളൻ നിന്ദിച്ചു.
- മരിച്ചു കഴിഞ്ഞിട്ടും ചങ്കിന് കുത്തു കിട്ടി.
- എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചുവെന്ന് പിതാവായ ദൈവത്തെ വിളിച്ചു ചോദിക്കുവാൻ മാത്രം വേദന സഹിച്ചു.
- എനിക്ക് ദാഹിക്കുന്നുവെന്ന് വിളിച്ചുപറയുവാൻ മാത്രം ആത്മരക്ഷയ്ക്ക് വേണ്ടി ദാഹിച്ചു.

അപ്പോൾ നോക്കുക: 24 മണിക്കൂറിനകം യേശു സഹിച്ച അത്രയും ലോകത്ത് മറ്റാരും സഹിച്ചിട്ടില്ല. ഈ സഹനം മുഴുവനും മനുഷ്യനെന്ന നിലയിലായിരുന്നു. സഹനത്തിന്റെ തീവ്രത ഇല്ലാതാക്കാനോ ഒഴിവാക്കാനോ ഒരിക്കലും യേശു തന്റെ ദൈവത്വം, ദൈവികശക്തി ഉപയോഗിച്ചില്ല. പത്രോസ് വാൾ ഊരി പ്രധാന പുരോഹിതന്റെ സേവകനെ വെട്ടിയപ്പോൾ യേശു പറഞ്ഞ വചനമുണ്ട്: എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കാൻ കഴിയില്ലെന്നും ഉടൻതന്നെ അവിടുന്ന് എനിക്ക് തന്റെ ദൂതന്മാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ച് തരില്ലെന്നും നീ വിചാരിക്കുന്നുവോ? അങ്ങനെയെങ്കിൽ ഇപ്രകാരം സംഭവിക്കണം എന്ന വിശുദ്ധ ലിഖിതം എങ്ങനെ നിറവേറും? (മത്തായി 26:53- 54).

മനുഷ്യൻ എന്ന നിലയിൽ ഇത്രമാത്രം പീഡകൾ ഇത്രയും കുറഞ്ഞ സമയംകൊണ്ട് അനുഭവിക്കുക എന്നത് എത്രമാത്രം കഠോരമാണ് എന്നത് നമ്മൾ ധ്യാനവിഷയമാക്കണം. യേശുവിന്റെ ഈ സഹനങ്ങളോട് നമ്മുടെ ചില സഹനങ്ങൾ താരതമ്യം ചെയ്യുക. ഒരു ദുഃഖവെള്ളിയാഴ്ചപോലും ഉപവസിക്കാൻ കഴിയുന്നുണ്ടോ? ഒന്നര മണിക്കൂർ ദൈവാലയത്തിൽ ഇരിക്കേണ്ടി വന്നാൽ നമ്മൾ എത്ര അസ്വസ്ഥരാകുന്നു? ആരെങ്കിലും ഒരു കുറ്റം പറഞ്ഞാൽ എന്തുമാത്രം സമനില തെറ്റുന്നു? ഒരു ചെറിയ അസുഖം വരുമ്പോഴേക്കും എത്രമാത്രം ബഹളമുണ്ടാക്കുന്നു? അതെ, നമ്മളിൽ അധികംപേർക്കും ഒന്നുംതന്നെ സഹിക്കുവാൻ പറ്റുന്നില്ല. എന്തിനേറെ? സ്വന്തം കാര്യത്തിനുവേണ്ടിപ്പോലും സഹിക്കാൻ പറ്റാത്ത സ്ഥിതിയാണ്. എങ്കിൽ, പാപികളായ മനുഷ്യർക്കുവേണ്ടി യേശു സഹിച്ച സഹനം എത്ര കഠോരം? അതിന് പ്രേരിപ്പിച്ച ദൈവസ്നേഹം എത്ര അഗാധം? ഇതെല്ലാം യേശു സഹിച്ചത് നമ്മുടെ പാപപരിഹാരത്തിനും ആത്മരക്ഷയ്ക്കും വേണ്ടിയാണ് എന്ന് ഓർക്കാം. യേശുവിനോട് നന്ദി ഉള്ളവരാകാം. യേശുവിനോട് പാപമോചനത്തിനായി പ്രാർത്ഥിക്കാം.

കടപ്പാട് : ഫാ. ജെ.വി. കോഴിക്കോട്, in.sundayshalom.com

## ദൈവമേ, കനിയണമേ! സങ്കീർത്തനങ്ങൾ 51

1 ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയ തോന്നണമേ! അങ്ങയുടെ
കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ!2 എന്റെ അകൃത്യം
നിശ്ശേഷം കഴുകിക്കളയണമേ! എന്റെപാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ!3
എന്റെ അതിക്രമങ്ങൾ ഞാനറിയുന്നു, എന്റെ പാപം എപ്പോഴും എന്റെ കൺമുൻപിലുണ്ട്.4
അങ്ങേക്കെതിരായി, അങ്ങേക്കു മാത്രമെതിരായി, ഞാൻ പാപംചെയ്തു; അങ്ങയുടെ മുൻപിൽ
ഞാൻ തിൻമ പ്രവർത്തിച്ചു; അതുകൊണ്ട് അങ്ങയുടെ വിധിനിർണയത്തിൽ അങ്ങു
നീതിയുക്തനാണ്; അങ്ങയുടെ വിധിവാചകം കുറ്റമറ്റതാണ്.5 പാപത്തോടെയാണു ഞാൻ
പിറന്നത്; അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്6
ഹൃദയപരമാർഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്; ആകയാൽ, എന്റെ അന്തരംഗത്തിൽ
ജ്ഞാനം പകരണമേ!7 ഹിസോപ്പു കൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ
നിർമലനാകും; എന്നെ കഴുകണമേ! ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും.8 എന്നെ
സന്തോഷഭരിതനാക്കണമേ! അവിടുന്നു തകർത്ത എന്റെ അസ്ഥികൾ ആനന്ദിക്കട്ടെ!9 എന്റെ
പാപങ്ങളിൽനിന്നു മുഖം മറയ്ക്കണമേ! എന്റെ അകൃത്യങ്ങൾ മായിച്ചുകളയണമേ!10 ദൈവമേ,
നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ
നിക്ഷേപിക്കണമേ!11 അങ്ങയുടെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ!
അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ!12 അങ്ങയുടെ രക്ഷയുടെ
സന്തോഷം എനിക്കു വീണ്ടും തരണമേ! ഒരുക്കമുള്ള ഹൃദയം നൽകി എന്നെ താങ്ങണമേ!13
അപ്പോൾ അതിക്രമികളെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും; പാപികൾ അങ്ങയിലേക്കു
തിരിച്ചുവരും.14 ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തപാതകത്തിൽ നിന്ന് എന്നെ
രക്ഷിക്കണമേ! ഞാൻ അങ്ങയുടെ രക്ഷയെ ഉച്ചത്തിൽ പ്രകീർത്തിക്കും.15 കർത്താവേ, എന്റെ
അധരങ്ങളെ തുറക്കണമേ! എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആലപിക്കും.16 ബലികളിൽ
അങ്ങു പ്രസാദിക്കുന്നില്ല;ഞാൻ ദഹനബലി അർപ്പിച്ചാൽ അങ്ങു സന്തുഷ്ടനാവുകയുമില്ല.17
ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ, നുറുങ്ങിയ ഹൃദയത്തെ
അങ്ങു നിരസിക്കുകയില്ല.18 അങ്ങു പ്രസാദിച്ചു സീയോനു നൻമ ചെയ്യണമേ! ജറുസലെമിന്റെ
കോട്ടകൾ പുതുക്കിപ്പണിയണമേ!19 അപ്പോൾ അവിടുന്നു നിർദിഷ്ട ബലികളിലും
ദഹനബലികളിലും സമ്പൂർണ ദഹനബലികളിലും പ്രസാദിക്കും; അപ്പോൾ അങ്ങയുടെ
ബലിപീഠത്തിൽ കാളകൾ അർപ്പിക്കപ്പെടും.